പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4418

25.10.2016-ൽ മറുപടിയ്ക്ക്

## പാലക്കാട് ജില്ലയിലെ ഇൻഡസ്ട്രിയൽ പാർക്കുകൾ

| ചോദ്യം<br>ശ്രീ.കെ.കൃഷ്ണൻകുട്ടി | | ഉത്തരം<br>ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| എ) | പാലക്കാട് ജില്ലയിൽ വലുതും ചെറുതുമായ എത്ര ഇൻഡസ്ട്രിയൽ പാർക്കുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ; | എ) | പാലക്കാട് ജില്ലാ വ്യവസായ കേന്ദ്രത്തിനു കീഴിൽ 4 ഡെവലപ്മെന്റ് ഏരിയ/പ്ലോട്ടുകളും പാലക്കാട് ജില്ലാ മിനി വ്യവസായ സഹകരണ സംഘം ലിമിറ്റഡിന്റെ കീഴിൽ 6 മിനി വ്യവസായ എസ്റ്റേറ്റുകളും കിൻഫ്രയുടെ കീഴിൽ 3 വ്യവസായ പാർക്കുകളും സിഡ്കോയുടെ കീഴിൽ ഒരു പാർക്കും പ്രവർത്തിക്കുന്നു. |
| ബി) | ഇതിന്റെ ഓരോന്നിന്റെയും പേരും, സ്ഥലവും അവിടെ ഓരോ വ്യവസായ യൂണിറ്റിനും ലഭ്യമാകുന്ന സൗകര്യങ്ങളും നിലവിൽ പുതിയ വ്യവസായം തുടങ്ങാനുള്ള സ്ഥലത്തിന്റെ ലഭ്യതയും വ്യക്തമാക്കാമോ; | ബി) | വിവരം അനുബന്ധമായി ചേർക്കുന്നു. |
| സി) | പാലക്കാട് ജില്ലയിൽ പുതിയതായി എത്ര വ്യവസായ പാർക്കുകളാണ് തുടങ്ങാൻ ഉദ്ദേശിക്കുന്നത് എന്നും, അതിനായി ഓരോന്നിനും എത്ര സ്ഥലം ലഭ്യമാക്കേണ്ടി വരും എന്നും വ്യക്തമാക്കുമോ; | സി) | KSIDC യുടെ കീഴിൽ കനാൽ പിരിവ്, വാളയാർ എന്നിവിടങ്ങളിലായി 34.05 ഏക്കറിൽ 35 യൂണിറ്റുകൾ 10.15 കോടി ഇൻവെസ്റ്റ്മെന്റും 500 തൊഴിൽ സാധ്യതകളും ഉള്ള ലൈറ്റ് എഞ്ചിനീയറിംഗ് പാർക്ക് തുടങ്ങാനാണ് ഉദ്ദേശിക്കുന്നത്. കണിയാപുരത്ത് 4 ഏക്കറിൽ 15 കോടി മുതൽ മുടക്കിൽ ഫിലിം സിറ്റി ഉദ്ദേശിക്കുന്നു. |
| ഡി) | ഇതിനായുള്ള സാമ്പത്തിക സഹായം എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത് എന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | ഡി) | ഇതിനായുള്ള സാമ്പത്തിക സഹായം കേന്ദ്ര സർക്കാരും, സംസ്ഥാന സർക്കാരും നല്കിവരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## വ്യവസായ വകുപ്പിന്റെ കീഴിലുള്ള ഏറിയ/പ്ലോട്ടുകൾ

| Sl.No | Name of DA/DP | Total area acquired in acres | Area for common aminities (Acres) | Allotable area in acres | Extent of vacant land available \ (Acre) |
|---|---|---|---|---|---|
| 1 | കഞ്ചിക്കോട് NIDA | 532.8 | 19.18 | 513.52 | 0 |
| 2 | പുതുശ്ശേരി IDA | 134.15 | 4.16 | 129.99 | 0 |
| 3 | കാപ്പൂർ DP | 18.26 | 1.41 | 16.85 | 3.52 |
| 4 | ഷൊർണ്ണൂർ DP | 17.31 | 60 സെന്റ് | 16.71 | 9.62 |

## മിനി വ്യവസായ എസ്റ്റേറ്റുകൾ

| ക്രമ നമ്പർ | സ്ഥലം | ഷെഡുകളുടെ എണ്ണം | പുതിയ വ്യവസായ സ്ഥലത്തിന്റെ ലഭ്യത |
|---|---|---|---|
| 1 | കഞ്ചിക്കോട് മിനി വ്യവസായ എസ്റ്റേറ്റ് | 10 | 81.25 സെന്റ് |
| 2 | കൊടുവായൂർ മിനി വ്യവസായ എസ്റ്റേറ്റ് | 10 | 81.25 സെന്റ് |
| 3 | പാട്ടൂർ മിനി വ്യവസായ എസ്റ്റേറ്റ് | - | 81.25 സെന്റ് |
| 4 | വടക്കാഞ്ചേരി മിനി വ്യവസായ എസ്റ്റേറ്റ് | 10 | 81.25 സെന്റ് |
| 5 | മുതലമട മിനി വ്യവസായ എസ്റ്റേറ്റ് | - | - |
| 6 | തരൂർ മിനി വ്യവസായ എസ്റ്റേറ്റ് | 10 | 81.25 സെന്റ് |

## സിഡ്കോയുടെ കീഴിലുള്ള ഇന്റസ്ട്രിയൽ പാർക്കിന്റെ വിവരങ്ങൾ

സിഡ്കോ ഇൻഡസ്ട്രിയൽ പാർക്ക്, ഷൊർണ്ണൂർ എന്ന പേരിൽ, ഗവൺമെന്റ് പ്രസ് (പി.ഒ.), ഷൊർണ്ണൂർ, പാലക്കാട് എന്ന വിലാസത്തിൽ പ്രവർത്തിക്കുന്നു. വൈദ്യുതി, ജല ലഭ്യത, ഗതാഗത സൗകര്യം എന്നീ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ടി വ്യവസായ പാർക്കിൽ പുതിയ വ്യവസായം തുടങ്ങാൻ നിലവിൽ ഭൂമി ലഭ്യമല്ല

## കിൻഫ്രയുടെ കീഴിലുള്ള വ്യവസായ പാർക്കുകളുടെ വിവരങ്ങൾ

| ക്രമ നമ്പർ | കിൻഫ്രയുടെ പേര് | സ്ഥലം ഏരിയ (ഏക്കർ) | പ്രവർത്തിക്കുന്ന യൂണിറ്റുകളുടെ എണ്ണം |
|---|---|---|---|
| 1 | ഒറ്റപ്പാലം- ലക്കിടി | 80 | ഡിഫൻസ് പാർക്ക് 60 ഏക്കർ മറ്റു യൂണിറ്റുകൾ 20 ഏക്കർ |
| 2 | പാലക്കാട് - കഞ്ചിക്കോട് | 155 | 40 ടെക്സ്റ്റൈൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. 29 എണ്ണം ആരംഭ ഘട്ടത്തിലാണ്. |
| 3 | വാളയാർ | 78 | മെഗാ ഫുഡ് പാർക്ക് |